പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 122

25.04.2017-ൽ മറുപടിയ്ക്ക്

## വാഹനാപകടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മോട്ടോർ വാഹന അപകടങ്ങളിൽ പ്രതിവർഷം എത്ര മരണം, പരിക്ക്, നാശനഷ്ടം എന്നിവ ഉണ്ടാകുന്നു എന്നതിന്റെ കണക്ക് ശേഖരിക്കാറുണ്ടോ ; | (എ) | മോട്ടോർ വാഹന അപകടങ്ങളിൽ പ്രതിവർഷം മരണപ്പെടുന്നവരുടെയും പരിക്ക് പറ്റുന്നവരുടെയും കണക്കുകൾ ശേഖരിക്കാറുണ്ട്. എന്നാൽ വാഹനാപകടങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്കുകൾ ശേഖരിക്കാറില്ല. |
| (ബി) | അപകടകാരണങ്ങളെക്കുറിച്ചുള്ള വിവരം ഓരോ കേസിലും പ്രത്യേകം രേഖപ്പെടുത്താറുണ്ടോ ; എങ്കിൽ അപകട കാരണം കണ്ടെത്തുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. അപകടം നടന്ന കൃത്യസ്ഥലം പരിശോധിച്ചും സാക്ഷികളെ കണ്ടു ചോദിച്ചും അപകടം പറ്റിയ വാഹനം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ കൊണ്ട് പരിശോധിപ്പിച്ചും ഫോറൻസിക് പരിശോധന നടത്തിയും കൂടാതെ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ സഹായത്തോടെയും അപകടകാരണം കണ്ടെത്താറുണ്ട്. |
| (സി) | വാഹനാപകടങ്ങൾ സംഭവിക്കുമ്പോൾ വാഹനം ഓടിച്ചിരുന്നയാൾ മദ്യപിച്ചിരുന്നോയെന്ന് പരിശോധിക്കാറുണ്ടോ ; വിശദമാക്കുമോ ; | (സി) | വാഹനാപകടങ്ങൾ സംഭവിക്കുമ്പോൾ വാഹനം ഓടിച്ചിരുന്നയാൾ തത്സമയം അറസ്റ്റിലാകുന്ന സാഹചര്യത്തിൽ അയാൾ മദ്യപിച്ചിരുന്നോയെന്ന് ബ്രീത്ത് അനലൈസർ, അൽകോമീറ്റർ തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്താലും വൈദ്യപരിശോധനയിലൂടെയും പരിശോധിച്ചു വരുന്നുണ്ട്. |

(ഡി) എങ്കിൽ 2016-ൽ എത്ര വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അപകടങ്ങളിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്നും പരിക്കേറ്റവർ എത്രയെന്നും ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് എത്രയാണെന്നും മദ്യപാനം കൊണ്ടുണ്ടായ അപകടങ്ങളുടെ എണ്ണം എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

(ഡി) 2016-ൽ 39,420 വാഹനാപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 4,287 പേർ മരണമടയുകയും 44,108 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിൽ 190 കേസുകൾ മദ്യപിച്ച് വാഹനം ഓടിച്ചതിൽ സംഭവിച്ച അപകടങ്ങളാണ്. അപകടങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിക്കാറില്ല.

സെക്ഷൻ ഓഫീസർ